# കുടിവെള്ള -ശുചിത്വ ഗ്രാമസഭ/വാർഡ്സഭ

## ഗ്രാമസഭ/വാർഡ്സഭ മെമ്പർമാർക്കുള്ള പരിശീലനപരിപാടി

കേരളം നേരിടുന്ന വളരെ രൂക്ഷമായ രണ്ട് പ്രശ്നങ്ങളാണല്ലോ കുടിവെള്ള ക്ഷാമവും മാലിന്യവും. ഇവയ്ക്ക് ഒരു ശാശ്വതപരിഹാരം കാണുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്. ജനങ്ങളുടെ ഇടപെടലും പങ്കാളിത്തവും കൊണ്ട് മാത്രമെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ. അതിനായി തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തതോടെ ഗ്രാമസഭ/വാർഡ്സഭ മെമ്പർമാർക്ക് സംസ്ഥാന വ്യാപകമായി വിപുലമായ പരിശീലന പരിപാടി നടത്തുവാൻ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം കില തീരുമാനിച്ചിരിക്കുകയാണ്. വിവിധ വകുപ്പുകളുടേയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ ഈ പരിശീലന പരിപാടി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

1. പരിശീലന പരിപാടി എന്തിന്?

   കുടിവെള്ളം, ശുചിത്വം മാലിന്യസംസ്ക്കരണം എന്നിവ സംബന്ധിച്ച് ഗ്രാമസഭ/വാർഡ്സഭ മെമ്പർമാരിൽ അവബോധം സൃഷ്ടിക്കുന്നതിന്

2. പരിശീലനം ആർക്ക്?

   19255 ഗ്രാമസഭ/വാർഡ്സഭകളിലെ ശരാശരി 125 പേർക്ക് ആകെ 2406875 പേർക്ക്

3. പരിശീലനം എന്ന്?

   2013 ഡിസംബർ 1 മുതൽ - 2014 ജനുവരി 31 വരെ

4. സംഘാടനപ്രവർത്തനങ്ങൾ

   തദ്ദേശഭരണസ്ഥാപന തല സംഘാടനസമിതി, വാർഡ്തല സംഘാടക സമിതി

5. പ്രചാരണം

   സംസ്ഥാതല പ്രചരണ പരിപാടികൾ, പോസ്റ്ററുകൾ, തദ്ദേശഭരണസ്ഥാപനതല പ്രചരണ പരിപാടികൾ, വാർഡ്തല പ്രചരണ പരിപാടികൾ

6. പരിശീലകർ

   ബ്ലോക്ക്തല റിസോഴ്സ് പേഴ്സൺമാർ (ഓരോ ബ്ലോക്കിൽ നിന്നും ബ്ലോക്കിനോടും ചേർന്ന നഗരസഭയിൽ നിന്നും കൂടി 7 പേർ വീതം )

   തദ്ദേശഭരണസ്ഥാപനതല ത്തിൽ നിന്നും റിസോഴ്സ് പേഴ്സൺമാർ 7 പേർ വീതം

   ഈ ടീമിലെ അംഗങ്ങൾ മാത്രമായിരിക്കണം വാർഡ് തലത്തിൽ ക്ലാസ്സുകൾ എടുക്കേണ്ടത്.

7. സംഘാടകർ

1) ജില്ലാ കോർഡിനേറ്റർ
2) ബ്ലോക്ക് കോർഡിനേറ്റർ
3) തദ്ദേശസ്ഥാപനതല കോർഡിനേറ്റർ

വാർഡ്തല സംഘാടകർ ഓരോ വാർഡിൽ നിന്നും മൂന്ന് പേർ വീതം .

ഇവർക്ക് തദ്ദേശസ്ഥാപനതലത്തിൽ ഏകദിന പരിശീലനം നൽകുന്നതാണ്

8. പരിശീലകർക്കും സംഘാടകർക്കുമുള്ള പരിശീലനങ്ങൾ

താഴെ പറയും പ്രകാരം ഏകദിന പരിശീലനം നൽകുന്നതാണ്

| ക്രമനം | തലം | പങ്കെടുക്കേണ്ടവർ | വേദി | ക്ലാസ്സ് എടുക്കേണ്ടവർ | സംഘാടന ചുമതല | തീയതി |
|---|---|---|---|---|---|---|
| 1 | സംസ്ഥാനതലം | ജില്ലാ കോർഡിനേറ്റ മാരും, ബ്ലോക റിസോഴ്സ് പേഴ്സൺമാരം | കില | കില റിസോഴ്സ് ടീം | കില | 2013 നവംബർ 1-9 |
| 2 | ബ്ലോക്ക് തലം | തദ്ദേശസ്ഥാപനതല റിസോഴ്സ് പേഴ്സൺമാരും, അദ്ധ്യക്ഷൻമാരും, സെക്രട്ടറിമാരും | അതാത് ബ്ലോക്ക് പഞ്ചായത്ത് ഹാൾ | ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ | ബ്ലോക്ക് കോർഡിനേറ്റർ | 2013 നവംബർ 13-23 |
| 3 | തദ്ദേശഭരണസ്ഥാപനതലം | വാർഡുകളിൽ നിന്നുള്ള മൂന്ന് വീതം സംഘാടകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ | അതാത് തദ്ദേശഭരണ സ്ഥാപന ഹാൾ | ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ | തദ്ദേശഭരണ സ്ഥാപന കോർഡിനേറ്റർ, ചുമതലക്കാരനായ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ | 2013 നവംബർ 25-ഡിസംബർ 3 |

9. സംസ്ഥാനതല പരിശീലനം ഷെഡ്യൂൾ

| ക്രമ നം | പങ്കെടുക്കേ ജില്ലകൾ | എണ്ണം | പരിശീലനം |
|---|---|---|---|
| 1) | എറണാകുളം, മലപ്പുറം | 233 | 1.11.2013 |
| 2) | കൊല്ലം, തൃശ്ശൂർ, വയനാട് | 219 | 5.11.2013 |
| 3) | ഇടുക്കി, ആലപ്പുഴ, കോഴിക്കോട് | 225 | 6.11.2013 |
| 4) | പത്തനംതിട്ട, കണ്ണൂർ, കോട്ടയം | 222 | 7.11.2013 |
| 5) | തിരുവനന്തപുരം, പാലക്കാട്, കാസറക്കോട് | 222 | 9.11.2013 |
| | **ആകെ** | **1121** | |

10. കൈപുസ്കങ്ങൾ

വാർഡ്തല പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഒരു കൈപ്പുസ്തകം സൗജന്യമായി നൽകുന്നതാണ്

11. ജില്ലാതല സംഘാടനയും പിന്തുണയും

ജില്ലാആസൂത്രണ നേതൃത്വത്തിൽ

ഗ്രാമ-ബ്ലോക്ക്-മുനിസിപ്പൽ അസോസിയേഷനുകളുടെ പങ്കാളിത്തം

വിവിധ വകുപ്പുകൾ ഏജൻസികൾ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തം